മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിനും ബോർഡ് സാമ്പത്തിക സഹായം നൽകി നടപ്പാക്കി. ശബരിമല സീസൺ കാലത്ത് എരുമേലി തോട്ടിലെ മലിനീകരണപ്രശ്നം പരിഹരിക്കുന്നതിനായി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ബോർഡ് അവിടെ സ്ഥാപിച്ച് ദേവസ്വം ബോർഡിന് കൈമാറി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച സീവേജ് സംവരണ പ്ലാന്റിൽനിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലം ഒഴുക്കി കളയുവാൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ബോർഡ് സാമ്പത്തികസഹായം നൽകി. തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാര മാപ്പിംഗ് നടത്തുന്നതിനുള്ള നടപടി കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പാക്കിവരുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം സംബന്ധിച്ച പഠനം NATPAC മുഖേന നടപ്പാക്കിവരുന്നു. പൊതുജന ബോധവൽക്കരണം മലിനീകരണനിയന്ത്രണത്തിന് ഒരു പ്രധാന ഘടകമാണ്. ഇതിനായി പത്ര-ദൃശ്യ മാധ്യമങ്ങൾവഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ എക്സിബിഷനുകളിൽ പങ്കെടുക്കുകയും പരിസ്ഥിതി അവബോധത്തിനുതകുന്ന ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. അവയർനെസ് വാൻ ഉപയോഗിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

(സി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനായി കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ബോർഡിന്റെ മുഖ്യപ്രവർത്തനങ്ങളിൽ ഒന്നായ കൺസന്റ് അഡ്മിനിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ന്യൂഡൽഹി വികസിപ്പിച്ച ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (OCMMS) എന്ന സ്വതന്ത്ര സോഫ്റ്റ്വെയർ NIC- യുടെ തിരുവനന്തപുരത്തെ സ്റ്റേറ്റ് സെന്ററിന്റെകൂടി സഹായത്താൽ 2014 ജൂൺ മുതൽ ബോർഡിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയും ഇന്റർനെറ്റും ലഭ്യമാക്കിയിട്ടുണ്ട്.

ഉഷ മുരളിയുടെ അപേക്ഷ

42 (5847) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കുറുപ്പംപടി സർവ്വീസ് സഹകരണബാങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീമതി ഉഷ മുരളി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 188 എ ക്ളോസ് (ബി)-യിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിന് ജീവനക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകമോ ആശ്രിതൻ പ്രായപൂർത്തിയാകാത്തത് ആണെങ്കിൽ പ്രായപൂർത്തിയായി 3 വർഷത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ശ്രീമതി കെ. ആർ. ഉഷ പ്രസ്തുത കാലാവധി കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. മേൽ സാഹചര്യത്തിൽ ആശ്രിത നിയമന അനുമതിക്കുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസത്തിനുള്ളകാരണം സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

43 (5848) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ സംഘങ്ങളുടെയും ബാങ്കിംഗ് സ്ഥാപനങ്ങളുടേയും പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും ഒടുവിലെ കണക്കുകൾ പ്രകാരം ഓരോ വിഭാഗത്തിലും സജീവമല്ലാത്തവയും നിർത്തലാക്കൽ ഭീഷണിയിലുള്ളവയും സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾ മൂലമുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി എത്രയാണെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly